

# മാമലകൾക്കപ്പുറം

**ചരിത്രപരമായ മലകളിലൂടെയുള്ള യാത്ര**

## കാർമൽ മല

Sebastian Siji

കർത്താവിന്റെ മുന്തിരിത്തോട്ടം അഥവാ ദൈവത്തിന്റെ ഉദ്യാനം എന്നറിയപ്പെടുന്ന കാർമൽ മല ( Mount Carmal ) ഉത്തര ഇസ്രായേലിലെ ഹൈഫാ പ്രവിശ്യയിൽ സ്ഥിതി ചെയ്യുന്നു. മെഡിറ്ററേനിയൻ തീരത്ത് 1800 അടി ഉയരത്തിൽ ചെങ്കുത്തായ വശത്തോടു കൂടിയും മറുഭാഗത്ത് ഒലിവ് മരങ്ങളുടെയും ഓക്കുമരങ്ങളുടെയും സമൃദ്ധിയോടു കൂടി, ഫലസമ്പുഷ്ടമായ താഴ്‌വരയിൽ അവസാനിക്കുന്ന കാർമൽ മല ഏലിയായുടെ പർവ്വതം ( Mount Mar Eliyas ) എന്നും അറിയപ്പെടുന്നു. ആധുനിക ഇസ്രായേലിലെ പ്രമുഖ നഗരങ്ങളിൽ പലതും കാർമൽ മലയുടെ താഴ്‌വരകളിലാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ രാജാക്കൻമാരുടെ പുസ്തകത്തിലാണ് കാർമൽ മലയെക്കുറിച്ച് പ്രധാനമായും പ്രതിപാദിക്കുന്നത്. 1 രാജാക്കൻമാർ അദ്ധ്യായം 18 – ആഹാബ് രാജാവിന്റെ പ്രേരണയിൽ ബാൽ ദേവനെ ആരാധിച്ച ജനത്തിന്, സത്യദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കാൻ ഏലിയാ പ്രവാചകൻ ബലിപീഠമൊരുക്കിയത് കാർമൽ മലയിലാണ്. സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി യാഗ വസ്തുക്കളും ബലിപീഠവും കല്ലും മണ്ണും വരെ ദഹിപ്പിച്ച്, ദൈവം തന്റെ മഹത്വം ഇസ്രായേൽ ജനത്തിന് വെളിവാക്കിയതും കാർമൽ മലയിൽ ആണ്. ആകാശത്തിന്റെ വാതായനങ്ങൾ അടച്ച് ഇസ്രയേലിന് മഴയും മഞ്ഞും നിഷേധിച്ച ദൈവത്തോട് ഏലിയാ മഴക്കുവേണ്ടി പ്രാർത്ഥിച്ചതും കാർമൽ മലയിലാണ്.

പ്രാർത്ഥനയുടെ ഇടമാണ് കാർമൽ മല, ദൈവസാന്നിധ്യത്തിന്റെയും. കത്തോലിക്കാ സഭക്ക് അനേകം വിശുദ്ധരെ സംഭാവന ചെയ്ത കർമ്മലീത്താ സന്യാസ സമൂഹം പന്ത്രണ്ടാം നൂറ്റാണ്ടിൽ രൂപം കൊണ്ടതും കാർമൽ മലയിലാണെന്നത് യാദൃശ്ചികതയല്ല. പരിശുദ്ധ മറിയത്തിന് സമർപ്പിക്കപ്പെട്ട ഈ സന്യാസസമൂഹത്തിലൂടെ, നിത്യ നരകത്തിൽ അകപ്പെടാതെ കാക്കുന്ന പരിശുദ്ധ അമ്മയുടെ ഉത്തരീയം നമുക്കു നൽകപ്പെട്ടതും മറ്റൊരു ദൈവ നിയോഗം.

“ കാർമൽ മലപോലെ നിന്റെ ശിരസ്സ് ഉയർന്നു നിൽക്കുന്നു.” ഉത്തമഗീതം 7:5

പ്രാർത്ഥിക്കാം, പരിശുദ്ധഅമ്മയോടൊപ്പം .....

പരസ്നേഹത്തിന്റെ കൊടുമുടിയിൽ ദൈവസാന്നിധ്യത്തിന്റെ കാർമൽ മലകൾ കണ്ടെത്താൻ ഇടയാകട്ടെ......